"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - അക്കാദമികം - നേഴ്സിംഗ് വിദ്യാഭ്യാസം - കോഴഞ്ചേരി ചാരിറ്റബിൾ എഡ്യൂക്കേഷൻ & വെൽഫെയർ സൊസൈറ്റിയുടെ ഉടമസ്ഥതയിലുള്ള അടൂർ ചായലോട് മൗണ്ട് സിയോൺ മെഡിക്കൽ കോളേജിന് അനുബന്ധമായി ജനറൽ നേഴ്സിംഗ് & മിഡ്‌വൈഫറി കോഴ്സ് പഠന വിഷയമായി പുതിയ നേഴ്സിംഗ് സ്കൂൾ ആരംഭിക്കുന്നതിന് നിരാക്ഷേപ സാക്ഷ്യപത്രം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

സ.ഉ.(കൈ) നം.343/2024/H&FWD തീയതി, തിരുവനന്തപുരം, 16-11-2024

---

പരാമർശം:-

1. സ.ഉ.(അ) നം.64/2012/ ആ.കു.വ തീയതി 17.02.2012.
2. ചാരിറ്റബിൾ എഡ്യൂക്കേഷൻ & വെൽഫെയർ സൊസൈറ്റിയുടെ വൈസ് ചെയർമാൻ ശ്രീ സാമുവൽ എബ്രഹാം 29.12.2023 തീയതിയിൽ സമർപ്പിച്ച അപേക്ഷ.
3. കേരള നഴ്സസ് ആൻഡ് മിഡ്‌വൈവ്സ് കൗൺസിൽ രജിസ്ട്രാറുടെ 14.03.2024 തീയതിയിലെ ജി.6116/24/എൻ.സി. നം. പരിശോധന റിപ്പോർട്ട്.
4. കേരള നഴ്സസ് ആൻഡ് മിഡ്‌വൈവ്സ് കൗൺസിൽ രജിസ്ട്രാറുടെ 05.11.2024 തീയതിയിലെ ജി.6116/24/എൻ.സി. നം. പുനഃ പരിശോധന റിപ്പോർട്ട്.

**ഉത്തരവ്**

കോഴഞ്ചേരി ആസ്ഥാനമായി പ്രവർത്തിക്കുന്ന ചാരിറ്റബിൾ എഡ്യൂക്കേഷൻ & വെൽഫെയർ സൊസൈറ്റിയുടെ ഉടമസ്ഥതയിലുള്ള അടൂർ ചായലോട് മൗണ്ട് സിയോൺ മെഡിക്കൽ കോളേജ് ആശുപത്രിയോടനുബന്ധിച്ച് മൗണ്ട് സിയോൺ സ്കൂൾ ഓഫ് നേഴ്സിംഗ് എന്ന പേരിൽ പുതിയ നേഴ്സിംഗ് സ്കൂൾ ആരംഭിക്കുന്നതിന് നിരാക്ഷേപ പത്രം ആവശ്യപ്പെട്ട് ചാരിറ്റബിൾ എഡ്യൂക്കേഷൻ & വെൽഫെയർ സൊസൈറ്റിയുടെ വൈസ് ചെയർമാൻ പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. കേരള നഴ്സസ് & മിഡ്‌വൈവ്സ് കൗൺസിൽ രജിസ്ട്രാർ പരാമർശം (3) പ്രകാരം സമർപ്പിച്ച പരിശോധന റിപ്പോർട്ടിൽ പോരായ്മകൾ കണ്ടെത്തിയതിനെ തുടർന്ന് സർക്കാർ നിർദേശ പ്രകാരം പുനഃ പരിശോധന നടത്തി പരാമർശം (4) പ്രകാരം സമർപ്പിച്ച പുനഃ പരിശോധന റിപ്പോർട്ടിൽ 40 സീറ്റുകളോടെ നഴ്സിംഗ് സ്കൂൾ ആരംഭിക്കുന്നതിനുള്ള ഭൗതിക/ക്ലിനിക്കൽ സൗകര്യങ്ങൾ സ്ഥാപനത്തിൽ ലഭ്യമാണെന്ന് കേരള നഴ്സസ് & മിഡ്‌വൈവ്സ് കൗൺസിൽ രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കോഴഞ്ചേരി ആസ്ഥാനമായി പ്രവർത്തിക്കുന്ന ചാരിറ്റബിൾ എഡ്യൂക്കേഷൻ & വെൽഫെയർ

സൊസൈറ്റിയുടെ ഉടമസ്ഥതയിലുള്ള അടൂർ ചായലോട് മൗണ്ട് സിയോൺ മെഡിക്കൽ കോളേജ് ആശുപത്രിയോടനുബന്ധിച്ച് മൗണ്ട് സിയോൺ സ്കൂൾ ഓഫ് നേഴ്സിംഗ് എന്ന പേരിൽ ജനറൽ നഴ്സിംഗ് ആൻഡ് മിഡ്‌വൈഫറി കോഴ്സ് പഠന വിഷയമായി ആരംഭിക്കുന്ന നഴ്സിംഗ് സ്കൂളിന് വിദ്യാർത്ഥി പ്രവേശന ശേഷി 40 ആയി നിജപ്പെടുത്തി ചുവടെപ്പറയുന്ന നിബന്ധനകളോടെ നിരാക്ഷേപ സാക്ഷ്യപത്രം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

എ) ജി.എൻ.എം നഴ്സിംഗ് സ്കൂളിന് ഉണ്ടായിരിക്കേണ്ട നിലവാരം സംബന്ധിച്ച് കാലാകാലങ്ങളിൽ ഇന്ത്യൻ നഴ്സിംഗ് കൗൺസിൽ പുറപ്പെടുവിക്കുന്ന റഗുലേഷനുകൾ നിർബന്ധമായും പാലിക്കാൻ സ്ഥാപനം ബാധ്യസ്ഥമാണ്.

ബി) പരാമർശം 1 സർക്കാർ ഉത്തരവിലെ നിബന്ധനകൾ, നഴ്സിംഗ് സ്കൂളുകളുടെ അംഗീകാരം സംബന്ധിച്ച് കാലാകാലങ്ങളിൽ സർക്കാർ/സംസ്ഥാന നഴ്സിംഗ് കൗൺസിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ/ഉത്തരവുകൾ/റഗുലേഷനുകൾ എന്നിവ സ്ഥാപനം കൃത്യമായും പാലിക്കേണ്ടതാണ്.

സി) പരാമർശം (1) സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരം കേരള സംസ്ഥാന നഴ്സിംഗ് കൗൺസിൽ അംഗീകാരം, ഇന്ത്യൻ നഴ്സിംഗ് കൗൺസിൽ അനുയോജ്യത പത്രം (Indian Nursing Council Suitability Certificate), സംസ്ഥാന സർക്കാർ നൽകുന്ന Letter of Permission എന്നിവ ക്രമത്തിൽ കോഴ്സ് ആരംഭിക്കുന്നതിന് മുൻപ് നേടേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചിത്ര കെ ദിവാകരൻ
ജോയിന്റ് സെക്രട്ടറി

രജിസ്ട്രാർ, കേരള നഴ്സസ് & മിഡ്‌വൈവ്സ് കൗൺസിൽ, തിരുവനന്തപുരം.
ശ്രീ സാമുവൽ എബ്രഹാം, വൈസ് ചെയർമാൻ, ചാരിറ്റബിൾ എഡ്യൂക്കേഷൻ & വെൽഫെയർ സൊസൈറ്റി, ചായലോട് പി.ഒ., പത്തനംതിട്ട, - 691 556
സെക്രട്ടറി, ഇന്ത്യൻ നഴ്സിംഗ് കൗൺസിൽ, 8-ാം നില, എൻ.ബി.സി.സി സെന്റർ, പ്ലോട്ട് നം.2, കമ്മ്യൂണിറ്റി സെന്റർ, ഓഖ്ല ഫേസ്-1, ന്യൂഡൽഹി- 110020.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരളം, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Prijith. G
Date: 16-11-2024 15:17:25
സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു.ആരോഗ്യ വനിതാ ശിശു വികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.